# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035

ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in

ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in


---

നം: ആ.വ.ഡ/561/2026/ഇ.എസ്-4 തീയതി: 09-01-2026

## സർക്കുലർ

വിഷയം:- ആവഡ- ജൂനിയർ പ്രോട്ടോസുവോളജിസ്ററ് തസ്തികയിലേയ്ക്ക് ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കൽ-കോൺഫിഡൻ റിപ്പോട്ട് ആവശ്യപ്പെടുന്നത് - സംബന്ധിച്ച്.

സൂചന:-
1. ഉത്തരവ് നമ്പർ ആ.വ.ഡ/22359/2025/ ഇ.എൽ1 തിയതി 06.01..2026
2. സ.ഉ (കൈ) നം 26/97/ ആ.കു.വ തിയതി 29.01.1997
3. സ.ഉ (കൈ) നം 70/2010 ആ.കു.വ തിയതി 17.12.2010
4. സ.ഉ (കൈ) നം 300/2025/ ആ.കു.വ തിയതി 29.08.2025

2026വർഷത്തിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ പ്രോട്ടോസുവോളജിസ്റ്റ് തസ്തികയിലേയ്ക്ക് ഡി.പി.സി കൂടുന്നതിനുള്ള നടപികൾ സ്വീകരിക്കുന്നതിലേയ്ക്കായി സൂചന(1)സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റാങ്ക് നമ്പർ 1 മുതൽ 5 വരെയുള്ള ജീവനക്കാർ 2023, 2024, 2025 കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്, ,ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പ്, സൂചന(1)സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അനുബന്ധരേഖകൾ, അച്ചടക്ക നടപടി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ **17/1/2026** ന് മുൻപായി അതത് ജില്ലാ മെഡിക്കൽ മുഖേന ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അതത് സ്ഥാപനങ്ങളിലെ കോൺഫീഡൻഷ്യൽ റിപ്പോർട്ട് സെൽഫ് അസസ്മെന്റ് എന്നിവ പ്രത്യേകം സമർപ്പിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന് മുകൾ ഭാഗത്തായി PEN , മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ മേൽ ജീവനക്കാരുടെ

കോൺഫിഡൻഷ്യൽ റിപ്പോർട്ടും മറ്റു അനുബന്ധരേഖകളും പരിശോധിച്ച് ആയത് ഈ ഓഫീസിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

Signed by Binu S
Date: 09-01-2026 12:01:30

SENIOR SUPERINTENDENT

സ്വീകർത്താവ്:

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ്:

1. സൂപ്രണ്ട് ഇ.എഫ് സെക്ഷൻ
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. ഫയൽ / കരുതൽ ഫയൽ